# An Open Invitation to Ahmadi Brothers & Sisters of Kerala
# കേരള അഹ്മദിയ്യാ സഹോദരങ്ങൾക്ക് ഒരു തുറന്ന ക്ഷണക്കത്ത്

## അഹ്മദികളായിരുന്ന ഞങ്ങൾ എന്തുകൊ് ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിൽ അംഗങ്ങളായി?

*കാരണങ്ങൾ മൂന്നാകുന്നു*

**കാരണം 1– ഞങ്ങൾ അല്ലാഹുവിലും വിശുദ്ധഖുർആനിലും വിശ്വിക്കുന്നതുകൊ്.**

**വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു.**

''നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ അനുഷ്ടിക്കുകയും ചെയ്യുന്നവരോട്, അവർക്കു മുമ്പുള്ള വരെ ഖലീഫമാരാക്കിയതു പോലെ തീർച്ചയായും അവരേയും ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായി അവൻ തൃപ്തിപ്പെട്ട മതത്തെ പ്രബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം രക്ഷയും സമാധാനവും അവർക്കു പകരം നൽകുകയും ചെയ്യുന്നതാണെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അവർ എന്നെ മാത്രം ആരാധിക്കുന്നതാണ്. എന്നോട് മറ്റൊന്നിനേയും അവർ പങ്കുചേർക്കുകയില്ല. അതിനുശേഷം ആരെങ്കിലും നിഷേധിക്കുകയാണെങ്കിൽ അവർ തന്നെയാണ് ധിക്കാരികൾ'' 24 : 56

**വീും അല്ലാഹു (ത) പറയുന്നു.**

''അല്ലാഹു പ്രവാചകന്മാരുടെ കരാർ വാങ്ങിയ അവസരം ഓർക്കുക. ഞാൻ നിങ്ങൾക്ക് വല്ല ഗ്രന്ഥവും ജ്ഞാനവും നൽകിയിട്ട് പിന്നെ നിങ്ങളുടെ കൂടെ ഉള്ളതിനെ (സന്ദേശത്തെ) സത്യപ്പെടുത്തുന്ന ഒരു ദൂതൻ നിങ്ങളുടെ അടുക്കൽ വരുന്നതായാൽ തീർച്ചയായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും അദ്ദേഹത്തെ സഹായിക്കുകയും ചെയ്യേതാണ്. (എന്നു പറഞ്ഞു കൊ്) അവൻ ചോദിച്ചു. നിങ്ങൾ സമ്മതിക്കുകയും എന്റെ കരാറിനെ (ഈ ബാധ്യതയെ) ഏറ്റെടുക്കുകയും ചെയ്തുവോ? അവർ പറഞ്ഞു (അതെ) ഞങ്ങൾ സമ്മതിച്ചു. അല്ലാഹുപറഞ്ഞു നിങ്ങൾ സാക്ഷ്യം വഹിക്കുവിൻ നിങ്ങളോടൊപ്പം ഞാനും സാക്ഷികളിൽപ്പെട്ടവരാണ്.'' 3:82

വിശുദ്ധ ഖുർആൻ 24 : 56ൽ അല്ലാഹു സത്യവിശ്വാസികൾക്ക് വാഗ്ദാനം ചെയ്തതാണ് ഖലീഫയെ അല്ലാഹു തരുമെന്ന് അതായത് ഖലീഫത്തുല്ലാഹ്.- വിശുദ്ധ ഖുർ ആൻ 3 : 82 ൽ : ദൂതൻ വരുന്നതായാൽ നിശ്ചയമായും നിങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കണം, സഹായിക്കണം, കൂടെയുള്ളത് വിശുദ്ധ ഖുർ ആനാണ്. അതിനെ സത്യപ്പെടുത്തിക്കൊ് ഒരു ദൂതൻ (The Messenger of Allah) വന്നാൽ വിശ്വസിക്കണം-

ഈ പരിശുദ്ധഖുർആന്റെ പരിശുദ്ധ വചനങ്ങളെ സത്യപ്പെടുത്തിക്കൊണ്ട് ഹിജ്റ 15-ാം നൂറ്റാണ്ടിലേക്ക് തന്നെ അല്ലാഹു (ത) അല്ലാഹുവിന്റെ ഭൂമിയിലെ ഖലീഫയായി നിശ്ചയിച്ചിരിക്കുന്നു എന്നവകാശപ്പെടുന്ന അല്ലാഹുവിന്റെ ദൂതൻ മുനീർ അഹമദ് അസീം (അ) നെ, വിശ്വാസിക്കുവാനും സഹായിക്കുവാനും സത്യവിശ്വാസികൾക്കവകാശമു്, ബാധ്യതയുണ്ട്. കാരണം ഞങ്ങൾ അല്ലാഹുവിനെയും അവന്റെ വചനങ്ങളെയും അത്രയേറെ ഇഷ്ടപെടുന്നു.

**കാരണം 2 – ഞങ്ങൾക്ക് ഖാത്തമുന്നബിയ്യീൻ ആയ മുഹമ്മദ് മുസ്തഫാ (സ)യെ വളരെ വലിയ ഇഷ്ടമാണ്.**

ആ പുണ്യാത്മാവ് പറഞ്ഞു- '' ഈ സമുദായത്തിനുവേി ഓരോ നൂറ്റാിന്റെയും തലയ്ക്കൽ മതശുദ്ധീകരണത്തിന്നായി നിശ്ചയമായും അല്ലാഹു മുജുദ്ദിദുമാരെ നിയോഗിച്ചു കൊണ്ട്രിക്കുന്നതാണ്.'' - അബൂദാവൂദ്-(റഫർ സന്മാർഗ്ഗ ദർശിനി p:7,8)

ഞങ്ങൾക്ക് മുഹമ്മദ് മുസ്തഫാ (സ) പ്രവചനം ചെയ്തതനുസരിച്ച് അല്ലാഹ് (ത) നിയോഗിക്കുന്ന മുജദ്ദിദിനെയാണ് വേത്. അതുകൊ് ഞങ്ങളതു സ്വീകരിച്ചു. കാരണം മുനീർ അഹ്മദ് അസീം (അ) പറഞ്ഞു എന്നെ ഈ നൂറ്റാിലെ മുജദ്ദിദായി അല്ലാഹു നിയോഗിച്ചിരുന്നു എന്ന്.

**കാരണം 3 – മുഹമ്മദ് മുസ്തഫാ (സ) യുടെ പ്രവചന പ്രകാരം –**

14-ാം നൂറ്റാിൽ ആഗതരായ മഹ്ദി ഇമാം ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) നോട് ഞങ്ങൾക്കുള്ള ഇഷ്ടത്തിന് ഒരു കുറവുമില്ല.

ആ മഹാത്മാവ് പറഞ്ഞു :- ''ഞാനാണ് വാഗ്ദത്ത മസീഹ് എന്നവകാശപ്പെടുന്ന ആൾ. എന്നാൽ വാഗ്ദത്ത മസീഹ്മാരിൽ ആദ്യത്തെയും അവസാനത്തെയും ആൾ ഞാൻ മാത്രമാണ് എന്ന് അവകാശപ്പെടുന്നില്ല. എന്റെ വീക്ഷണത്തിൽ എന്റെ കാലശേഷം 10000 വാഗ്ദത്ത മസീഹ്മാർ വരും. പക്ഷേ, ഈ കാലത്തേക്കുള്ള വാഗ്ദത്ത മസീഹ് ഞാൻ തന്നെയാകുന്നു.'' (ഇസാലയെ ഔഹാം p.197)

''ഓരോ നൂറ്റാിന്റെയും തലയ്ക്കൽ മതനവീകരണത്തിന്, ഒരു ദൈവദാസൻ നിയോഗിക്കപ്പെടുമ്പോൾ അജ്ഞരായ ജനം അതിനെ എതിരിടാൻ മുതിരുന്നു. ''(ലക്ചർ സിയാൽ കോട്ട്- മലയാളം p.10)

ഈ നൂറ്റാിലെ വാഗ്ദത്ത മസീഹായി അല്ലാഹു എന്നെ നിയോഗിച്ചിരിക്കുന്നു എന്നു മുനീർ അഹ്മദ് അസീം (അ) വാദിക്കുന്നു.

അദ്ദേഹത്തിന് അല്ലാഹു അറിയിച്ചുകൊടുത്തതനുസരിച്ച് രൂപീകരിച്ച ''അല്ലാഹുവിന്റെ ജമാ അത്താണ്'' ജമാ അത്തുസ്സഹീഹിൽ ഇസ്ലാം. അഹ്മദികളായിരുന്ന ഞങ്ങൾക്ക് ഇതിൽ പ്രവേശിക്കാതിരിക്കാൻ പറ്റുമോ ?

**തെളിവുകൾ**

1. ***വിശുദ്ധ ഖുർ ആൻ***
2. ***വിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫ(സ)യുടെ പ്രവചനം.***
3. ***മഹ്ദി ഇമാം ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)ന്റെ അധ്യാപനം.***

## *വിശ്വാസം വരുന്നില്ലെങ്കിൽ ഇതാ പീഢകന്മാർക്ക് ഒരു താക്കീത്*

അല്ലാഹുവിന്റെ ഖലീഫയായ, അല്ലാഹുവിന്റെ സന്ദേശവാഹകനായ, അല്ലാഹു നിയോഗിച്ച മുജദ്ദിദായ, ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ) പ്രവചനം ചെയ്ത വാഗ്ദത്ത മസീഹ് ആയ ഹസ്രത്ത് മുനീർ അഹ്മദ് അസീം (അ) 14.08.2013 മധ്യാഹ്ന പ്രാർത്ഥനയക്കുശേഷം ലോകത്തോട് ചെയ്ത പ്രഭാഷണത്തിൽ നിന്ന്.

*"If the Khalifa-tul-Massih has a personal hand in the persecutions and mental duress of the Sahih al Islam members, then let is be known that Allah shall seize him for his evil soon. If he is passing as a good boy before the world while promoting boycott and hatred among the Muslim brothers, then his consequences, as well as all men under his command and who are obeying him is his unislamic ways, then let him bear in mind that Allah shall crush him to pieces for the world to see."*

*ജമാ അത്തുസ്സഹീഹിൽ ഇസ്ലാം അംഗങ്ങളുടെ മേൽ നടത്തുന്ന ഈ പീഡനങ്ങളും മാനസീക ബലാൽക്കാരവും ഖലിഫത്തുൽ മസീഹിന്റെ വ്യക്തിപരമായ അറിവോടെയും അംഗീകാരത്തോടെയുമാണെങ്കിൽ, അറിയുക, അല്ലാഹു (ത) അദ്ദേഹത്തെ ഈ തെറ്റായ പ്രവണതയ്ക്ക് വളരെ പെട്ടെന്നു പിടിക്കുന്നതാണ്. ലോകത്തിന്റെ മുമ്പിൽ നല്ലവനായി ചമയുകയും, മുസ്ലിം സഹോദരങ്ങളിൽ ശത്രുതയും, നിസ്സഹകരണവും തീർക്കുകയും ചെയ്താൽ, അദ്ദേഹത്തിന്റെ അന്ത്യം, അതുപോലെ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലുള്ള എല്ലാവരുടെയും അന്ത്യം മാത്രമല്ല അനിസ്ലാമികമായ ഈ പാത പിന്തുടരുന്ന എല്ലാവരും മനസ്സിലാക്കുക. ലോകത്തിനു ദൃഷ്ടാന്തമാകത്തക്ക നിലയിൽ അദ്ദേഹത്തെ അല്ലാഹു തുണ്ടം തുണ്ടമാക്കുന്നതാണ്.*

അല്ലാഹുവിനെ സ്നേഹിക്കുന്ന, വിശുദ്ധ ഖുർ ആനെ സ്നേഹിക്കുന്ന, വിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)നെ സ്നേഹിക്കുന്ന, മഹ്ദി ഇമാം ഹസ്രത്ത് മിർസാഗുലാം അഹ്മദ് (അ)നെ സ്നേഹിക്കുന്ന എല്ലാ അഹ്മദി സഹോദരങ്ങളെയും ഞങ്ങൾ ഹിജ്റ 15-ാം നൂറ്റാിൽ അല്ലാഹു തന്റെ ദൂതനിലൂടെ ദിവ്യബോധനം നല്കി രൂപപ്പെടുത്തിയ ***സത്യസംഘത്തിലേക്ക്*** - ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലേക്ക് - സാദരം ക്ഷണിക്കുന്നു.

**കേരള ജമാഅത്തുസ്സഹീഹിൽ ഇസ്ലാമി നു വേി,**

വിനീത സഹോദരൻ

**R. JAMALUDIN RAOTHER - AMIR**

**Jamaat-Ul-Sahih-Al-Islam,**

**Kerala. Reg. No. A693**

**Ph: 9447001832, 0475 2220223**

Email: jamal.raother@gmail.com,

Web: www.jamaat-ul-sahih-al-islam.com

മാത്ര

31.08.2013.